**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **14-03-2022 - ൽ മറുപടിയ്ക്ക്**

**ആലുവ-മൂന്നാർ റോഡിൽ (ആലുവ മുതൽ-കോതമംഗലം വരെ) നാല് വരി പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലുവ-മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡിൽ (ആലുവ മുതൽ കോതമംഗലം വരെ) നാല് വരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആലുവ മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡ് നാലുവരിപാതയാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ 1051.16 കോടി രൂപയുടെ ഡി.പി.ആർ കിഫ്ബിയുടെ പരിഗണനയിലാണ്. ഇതിൽ 653.06 കോടി രൂപയുടെ സ്ഥലമേറ്റെടുക്കൽ തുകയും ഉൾപ്പെട്ടിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കും. |
| (ബി) | പ്രസ്തുത റോഡ് നാല് വരിയാക്കുന്നതുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഡി.പി.ആർ ആണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഡി.പി.ആർ ൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; | (ബി) | ആലുവ മൂന്നാർ സ്റ്റേറ്റ് ഹൈവേ റോഡ് നാലുവരിപാതയാക്കുന്നതുമായി ബന്ധപ്പെട്ട് 1051.16 കോടി രൂപയയുടെ ഡി.പി.ആർ കിഫ്ബിയിൽ നൽകിയിട്ടുണ്ട്. ഇതിൽ 653.06 കോടി രൂപയുടെ സ്ഥലമേറ്റെടുക്കൽ തുകയും ഉൾപ്പെട്ടിട്ടുണ്ട്. ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാകുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത നാല് വരിപ്പാതയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കലിനായി എത്ര തുകയുടെ ധനാനുമതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തി കാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഡി) | റോഡ് നാലുവരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ തുടർനടപടികൾ വേഗത്തിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (ഡി) | സ്ഥലം ഏറ്റെടുക്കലിനുശേഷം സാങ്കേതികാ നുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പരിശോധനക്കുശേഷം സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഇ) | നിലവിൽ പ്രസ്തുത റോഡിന്റെ പലഭാഗങ്ങളും തകർന്ന് കിടക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി നിലവിലുള്ള റോഡ് നവീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | നിലവിൽ പ്രസ്തുത റോഡിന്റെ തകർന്നു കിടക്കുന്ന സാഹചര്യം കണക്കിലെടുത്ത് ശബരിമല പാക്കേജിൽ 2021-22ൽ ഉൾപ്പെടുത്തി ബി.സി.ഓവർലേ കി.മീ 20/000മുതൽ 28/000വരെ -700 ലക്ഷം, ബി.സി ഓവർലേ കി.മീ 28/000മുതൽ 35/226വരെ -460 ലക്ഷം എന്നീ പ്രവർത്തികൾക്ക് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുള്ളതും ഇതിൽ ആദ്യത്തെ പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ,പ്രവർത്തിക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 24.02.2022ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വച്ച് സൈറ്റ് ഹാന്റ് ഓവർ ചെയ്ത് ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. കി.മീ28/000 മുതൽ 35/226 വരെയുള്ള ഭാഗത്ത് നിലവിൽ അറ്റകുറ്റപ്പണികളുടെ DLP നിലനിൽക്കുന്നുണ്ട്. ഈ ചെയിനേജിൽ പ്രവത്തി നടപ്പിലാക്കുന്നതിനായി DLP കാലാവധിയിൽ ഇളവു നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ